# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 669 — 10.03.2015-ൽ മറുപടിയ്ക്ക്

## പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ

**ചോദ്യം**
**ശ്രീ.ടി.വി.രാജേഷ്**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ, കണ്ണൂരിലെ പട്ടുവത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; എത്ര തസ്തികകൾ നിലവിലുണ്ട്; എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു; വിശദാംശം നൽകാമോ; | എ) | കണ്ണൂർ ജില്ലയിലെ പട്ടുവത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിലവിൽ 288 വിദ്യാർത്ഥികൾ പഠിക്കുന്നു. പ്രസ്തുത സ്കൂളിൽ 32 അദ്ധ്യാപക തസ്തികകളും 20 അനദ്ധ്യാപക തസ്തികകളും നിലവിലുണ്ട്. ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഇല്ല. സ്ഥിരം ജീവനക്കാർ ഇല്ലാത്ത 16 തസ്തികകളിൽ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. |
| ബി) | സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിലവിലുള്ള കെട്ടിടത്തിന് അത്യാവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിനും അധികമായി സ്റ്റാഫ് ക്വാർട്ടേഴ്സ്, ലൈബ്രറി, റീഡിംഗ് റൂം, വാച്ച്മാൻ ക്യാബിൻ എന്നിവ നിർമ്മിക്കുന്നതിനായുള്ള 4,11,00,000/- (നാല് കോടി പതിനൊന്ന് ലക്ഷം രൂപ) രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| സി) | സ്കൂളിനായി വാഹനം വാങ്ങുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | സി) | പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് വാഹനം വാങ്ങി നൽകുന്നതിനായി ലഭിച്ച പ്രൊപ്പോസൽ വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അത്യാവശ്യ ഘട്ടങ്ങളിൽ 108 ആംബുലൻസിന്റെ സേവനം ലഭ്യമാക്കാവുന്നതിനാലും മറ്റ് ആവശ്യങ്ങൾക്ക് വാഹനങ്ങൾ വാടകയ്ക്കും കരാർ അടിസ്ഥാനത്തിലും എടുക്കാമെന്നതിനാലും സ്കൂളിന് സ്വന്തമായി വാഹനം വാങ്ങണമെന്ന നിർദ്ദേശത്തിന് അംഗീകാരം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ